Draft

# ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (D.Ed)

## എലിമെന്ററി അധ്യാപക വിദ്യാഭ്യാസ പാഠ്യപദ്ധതി 2014

# അധ്യാപക സഹായി

## സെമസ്റ്റർ - III

## $S_3.P_{17}$ ഭാഷാപഠനവും സാഹിത്യവും


കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2014

## സെമസ്റ്റർ 3

| പേപ്പറിന്റെ നമ്പർ | പേപ്പറിന്റെ പേര് |
|---|---|
| $S_3P_{17}$ | ഭാഷാപഠനവും സാഹിത്യവും |

സ്കോർ : 80

ആകെ സമയം : 80 മണിക്കൂർ

ഒരു ആഴ്ചയിലെ സമയം : 4 മണിക്കൂർ

## ഉള്ളടക്കം


യൂണിറ്റ് 1 : ഭാഷാപഠനത്തിൽ സാഹിത്യത്തിനുള്ള സ്ഥാനം (സമയം : 20 മണിക്കൂർ)

യൂണിറ്റ് 2 : കാവ്യപാരമ്പര്യം (സമയം : 10 മണിക്കൂർ)

യൂണിറ്റ് 3 : കാവ്യപരിണാമം - ചില നാഴികക്കല്ലുകൾ (സമയം : 20 മണിക്കൂർ)

യൂണിറ്റ് 4 : ചെറുകഥയും നോവലും (സമയം : 10 മണിക്കൂർ)

യൂണിറ്റ് 5 : സാഹിത്യവും രംഗകലയും (സമയം : 5 മണിക്കൂർ)

യൂണിറ്റ് 6 : വൈജ്ഞാനിക സാഹിത്യം (സമയം : 5 മണിക്കൂർ)

യൂണിറ്റ് 7 : ബാലസാഹിത്യം (സമയം : 10 മണിക്കൂർ)

# യൂണിറ്റ് – 1

# ഭാഷാപഠനത്തിൽ സാഹിത്യത്തിനുള്ള സ്ഥാനം

ഭാഷാപഠനവും സാഹിത്യവും എന്ന പേപ്പറിൽ ആകെ 7 യൂണിറ്റുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 80 മണിക്കൂർ കൊണ്ട് പൂർത്തിയാകുന്ന തരത്തിലാണ് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. മൂല്യനിർണയത്തിന് 60 സ്കോറിന്റെ എഴുത്തു പരീക്ഷയും 20 സ്കോറിന്റെ നിരന്തര മൂല്യനിർണയവും ഉൾപ്പെടുത്തിയിട്ടുണ്ട്. പഠനപ്രവർത്തനങ്ങൾ ഐ.സി.റ്റി യുടെ സഹായത്തോടെയും ഐ.സി.റ്റി സാധ്യതകൾ പ്രയോജനപ്പെടുത്തിയും ഒരുക്കാൻ ശ്രദ്ധിക്കണം. നിരന്തര വിലയിരുത്തലിന് ഐ.സി.റ്റി ഘടകങ്ങളും ഉൽപ്പന്നങ്ങളും കൂടി പരിഗണിക്കണം.

'ഭാഷാപഠനത്തിൽ സാഹിത്യത്തിനുള്ള സ്ഥാനം' എന്ന യൂണിറ്റിലൂടെ ഭാഷാപഠനം കേവലം ഭാഷാപരമായ വസ്തുതകളുടെ പഠനത്തിന് അപ്പുറം ഭാഷയ്ക്ക് സാംസ്കാരികവും, സർഗ്ഗാത്മകവും വിമർശനാത്മകവുമായ തലമുണ്ടെന്ന് അധ്യാപക വിദ്യാർത്ഥിക്ക് ബോധ്യപ്പെടേണ്ടതുണ്ട്. പാഠപുസ്തകങ്ങളിൽ ചേർത്ത പാഠഭാഗങ്ങൾ അധികാരിക ഗ്രന്ഥങ്ങളുടെ സഹായത്തോടെ വിശകലനം ചെയ്യാൻ അധ്യാപക വിദ്യാർത്ഥികൾക്ക് കഴിയണം. സാഹിത്യപഠനത്തിന് പാഠ്യപദ്ധതിയിൽ ഉള്ള സ്ഥാനം തിരിച്ചറിയണം.

സാഹിത്യപഠനവുമായി ബന്ധപ്പെട്ട സാംസ്കാരിക മാതൃക, ഭാഷാമാതൃക, വ്യക്തിവികാസമാതൃക എന്നീ സമീപനങ്ങൾ വ്യത്യസ്ത രചനകളെ മുൻനിർത്തി സാമാന്യമായി പരിചയപ്പെടുത്തണം.

കവിതാബോധന സമീപനവും ഗദ്യബോധനസമീപനവും സവിശേഷമായി ചർച്ച ചെയ്യപ്പെടണം. രൂപപരമായും പ്രമേയപരമായും വൈവിധ്യം പുലർത്തുന്ന രചനകൾ കണ്ടെത്തി വിശകലനം ചെയ്യണം.

### സാഹിത്യപഠനവും സാംസ്ക്കാരിക വിനിമയവും

സാഹിത്യകൃതികൾ സംസ്ക്കാരത്തിന്റെ പ്രതിഫലനങ്ങളാണ് എന്നുള്ളതുകൊണ്ടുതന്നെ എക്കാലത്തും ഏതു ദേശത്തും പിറന്നു വീഴുന്ന സർഗ്ഗസൃഷ്ടികൾ ആ കാലത്തിന്റേയും ദേശത്തിന്റെയും സംസ്ക്കാരം വിളിച്ചോതുന്നവയായിരിക്കും. സാംസ്ക്കാരിക വിനിമയം ഏറ്റവുമധികം സാധിക്കുന്നത് സാഹിത്യകൃതികളിലൂടെയാണ്. വിദേശരാജ്യങ്ങളിൽ സംഭവിക്കുന്ന സാംസ്ക്കാരിക മാറ്റങ്ങൾ നമ്മുടെ ഭാഗമായിത്തീരുന്നതും സംസ്ക്കാരത്തിന്റെ പഴമയും പുതുമയും തനിമയും അനുഭവവേദ്യമാകുന്നതും സാഹിത്യകൃതികളിലൂടെത്തന്നെ. കാലത്തിനും ദേശത്തിനും പഠിതാവിനും അനുയോജ്യമായ സാംസ്കാരിക മാതൃകകൾ ഉൾക്കൊള്ളുന്ന സാഹിത്യ കൃതികളിലെ പാഠഭാഗങ്ങളായിരിക്കണം പഠനപ്രവർത്തനങ്ങൾക്കായി ഉൾപ്പെടുത്തേണ്ടതും ചർച്ച ചെയ്യേണ്ടതും.

### സാഹിത്യവും വിമർശനചിന്തയും

സാഹിത്യകൃതികളെ വിമർശനാത്മകമായി സമീപിക്കാനുള്ള കഴിവും അതിലൂടെ വികസിതമാകുന്ന വിമർശനബുദ്ധിയും സാഹിത്യപഠനത്തിലൂടെ വളർത്തിയെടുക്കാൻ സാധിക്കുന്നതാണ്. സ്വജീവിതത്തെ വിമർശനാത്മകമായി ദർശിക്കുവാനുള്ള ശേഷിയും ഇതിലൂടെ സംജാതമാകുന്നു. സർഗ്ഗസൃഷ്ടികളെ വിമർശനദൃഷ്ട്യാ സമീപിക്കുന്നതോടൊപ്പം അവയോടുള്ള മറ്റുള്ളവരുടെ വിമർശനപരമായ സമീപനവും ബോധ്യപ്പെടത്തക്കരീതിയിലുള്ള സാഹിത്യരചനകളെ പരിചയപ്പെടാനുള്ള അവസരങ്ങൾ ധാരാളമായി ലഭിക്കണം.

### സാഹിത്യവും സർഗാത്മകതയും

സാഹിത്യപഠനം സർഗാത്മകതയുടെ വികസനത്തിന് വഴിയൊരുക്കുന്നു ഓരോ സാഹിത്യ സൃഷ്ടിയും സർഗാത്മകതയുടെ പ്രതിഫലനങ്ങളായിരിക്കും എന്നതിനാൽ അതിലൂടെ പഠിതാവിലേയ്ക്കു സംക്രമിക്കുന്ന സർഗാത്മകമായ അംശങ്ങൾ അവന്റെ രചനകളിൽ പ്രതിഫലിക്കാതിരിക്കില്ല. വ്യത്യസ്ത തരത്തിലും തലത്തിലുമുള്ള സർഗാത്മകരചനകളിലൂടെ കടന്നുപോകാനവസരം ലഭിക്കുന്ന പഠിതാവിൽ നിന്നും സർഗധനമായ സൃഷ്ടികൾ ഉണ്ടാവുന്നു എന്നുള്ളതുകൊണ്ടുതന്നെ അതിനനുസൃതമായ സാഹിത്യസൃഷ്ടികളെ പരിചയപ്പെടാനുള്ള അവസരങ്ങൾ ധാരാളമായി ലഭ്യമാക്കേണ്ടതുണ്ട്.

### സാഹിത്യപഠനം - മൂന്നു മാതൃകകൾ

വിദ്യാഭ്യാസത്തിൽ സാഹിത്യപഠനത്തിനുള്ള പ്രാധാന്യം എക്കാലത്തും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സാഹിത്യപഠനത്തിലൂടെ വിദ്യാർഥികളിൽ സാംസ്കാരികവും ഭാഷാപരവുമായ ശേഷികൾ വികസിക്കുന്നതോടൊപ്പം തന്നെ വ്യക്തിവികസനവും സാധ്യമാകുന്നുണ്ട് എന്നത് നിസ്തർക്കമാണ്. സാഹിത്യപഠനത്തിന് പ്രധാനമായും മൂന്ന് മാതൃകകളുണ്ട്. സാംസ്കാരിക മാതൃക, ഭാഷാമാതൃക, വ്യക്തിവികാസമാതൃക എന്നിവയാണ് അവ.

സാഹിത്യപഠനത്തിലൂടെ സാംസ്കാരികവിനിമയം സാധ്യമാകണം എന്നകാഴ്ചപ്പടാണ് സാംസ്കാരിക മാതൃക മുന്നോട്ടുവയ്ക്കുന്നത്. അതുകൊണ്ടുതന്നെ പഠനത്തിനായി തെരഞ്ഞെടുക്കുന്ന കൃതികളും സാംസ്കാരികവിനിമയത്തിന് സഹായകമാകുന്നതായിരിക്കണം. എഴുത്തച്ഛന്റെയും കാളിദാസന്റേയും മറ്റും കൃതികൾ പഠിക്കുമ്പോൾ മഹത്തായ സാംസ്കാരികത്തനിമയുമായി അടുത്തിടപഴകാൻ പഠിതാക്കൾക്കു കഴിയുന്നു. വടക്കൻ പാട്ടിന്റെ സാംസ്കാരിക പഠനം കേരളത്തിലെ തെക്കൻ ജില്ലകളിലെ പഠിതാക്കൾക്ക് വടക്കൻ കേരളത്തിന്റെ സംസ്കാരചരിത്രവുമായി പരിചയപ്പെടാൻ അവസരമൊരുക്കുന്നു. സി.വി. രാമൻപിള്ളയുടെ ചരിത്രനോവലുകൾ തെക്കൻ കേരളത്തിന്റെ സാംസ്കാരിക സഹാചര്യങ്ങളെ അടുത്തറിയാൻ ഇതര ദേശക്കാർക്ക് അവസരം നൽകുന്നു.

ഭാഷയുടെ ഏറ്റവും സൂക്ഷ്മവും സവിശേഷവുമായ വ്യവഹാരം സാധ്യമാകുന്നത് സാഹിത്യകൃതികളിലാണ്. സർഗ്ഗധനരായ എഴുത്തുകാർ തനത് പദച്ചേരുവകൾ സൃഷ്ടിക്കുന്നതിലൂടെ അനുഭൂതമാകുന്ന ഭാവപ്രപഞ്ചം പണ്ഡിതശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. സാഹിത്യപഠനത്തിന്റെ ഈയൊരു സാധ്യതയാണ് ഭാഷാമാതൃക മുന്നോട്ടുവയ്ക്കുന്നത്. ഇതോടൊപ്പം സാഹിത്യകൃതികളുടെ പഠനത്തിലൂടെ ഒരു നിശ്ചിത കാലഘട്ടത്തിലെ ഭാഷാസ്വഭാവം വിശകലനം ചെയ്യാനും ഒരു ഭാഷയ്ക്കകത്തെ ഭാഷാഭേദത്തെ വിശകലനം ചെയ്യാനും ഭാഷാമാതൃക അവലംബിക്കാം.

മേൽപ്പറഞ്ഞ രണ്ട് മാതൃകകളുടെയും സത്ത ഉൾക്കൊള്ളുന്നതും ജീവിതമൂല്യപരമായ ഉൾക്കാഴ്ചകൾ സൃഷ്ടിക്കുന്നതുമായ ഒരു സാഹിത്യപഠനരീതിയാണ് വ്യക്തിവികാസമാതൃക. സാഹിത്യകൃതികൾ മുന്നോട്ടുവയ്ക്കുന്ന മൂല്യങ്ങളും അവ സൃഷ്ടിക്കുന്ന മനോഭാവങ്ങളും പഠിതാവിനെ മഹത്തായ ചിന്തകളിലേക്ക് നയിക്കും. അരിസ്റ്റോട്ടിലിന്റെ ഭാഷയിൽ പറഞ്ഞാൽ 'വികാരവിരേചനത്തിലൂടെ നടക്കുന്ന വിമലീകരണം.' അങ്ങനെ സാഹിത്യകൃതികൾ പഠിതാവിന്റെ ചിന്തയെ നവീകരിക്കുകയും ജീവിതവീക്ഷണത്തെ ആഴത്തിൽ സ്വാധീനിക്കുകയും ചെയ്യും. പഠിതാക്കളുടെ വ്യക്തിവികാസ സാധ്യതകൾ മുൻനിർത്തി സാഹിത്യത്തെ സമീപിക്കുകയാണ് വ്യക്തിവികാസമാതൃകയിൽ. ജീവിതത്തെ സംബന്ധിച്ച മഹത്തായ വീക്ഷണങ്ങൾ ഉൾക്കൊള്ളുന്നതും മൂല്യബോധം ഉണർത്തുന്നതുമായ കൃതികൾ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തപ്പെടണം എന്ന ആശയം ഈ മാതൃക പ്രബലമാക്കുന്നുണ്ട്.

# യൂണിറ്റ് – 2

# കാവ്യപാരമ്പര്യം

കാവ്യപാരമ്പര്യം എന്ന യൂണിറ്റിൽ നാടൻ പാട്ടുകളിലെ സാമൂഹ്യജീവിതം സാംസ്കാരിക പശ്ചാത്തലം, അലങ്കാരകല്പനകൾ തുടങ്ങിയവ വിശകലനത്തിന് വിധേയമാക്കണം. നാടൻപാട്ടുകൾ ഈണത്തിലും താളത്തിലും അനുയോജ്യമായ ചുവടുകളോടെയും അവതരിപ്പിക്കാനുള്ളശേഷി അധ്യാപക വിദ്യാർത്ഥികൾ നേടിയിരിക്കണം.

**നാടൻപാട്ടുകൾ**

ചുണ്ടിൽ നിന്നും ചുണ്ടിലേയ്ക്കും ഹൃദയത്തിൽ നിന്നു ഹൃദയത്തിലേയ്ക്കും പകർന്നൊഴുകിയ, മണ്ണിന്റെ മണമൂറുന്ന നാടൻപാട്ടുകളിൽ കൈരളിയുടെ കാവ്യപാരമ്പര്യം സമ്പന്നമായിരുന്നു. കാലമേതെന്നോ കർത്താവാരെന്നോ ദേശമേതെന്നോ തിരിച്ചറിയാൻ കഴിയാത്ത ഈ ഗാനസാഹിത്യം സ്വതസിദ്ധമായ താളബോധവും സംഗീതസാന്ദ്രമായ ഈണവും ജീവിതഗന്ധിയായ പ്രമേയവും ഗ്രാമീണതയുടെ സ്വച്ഛതയും സാംസ്കാരിക പൈതൃകവും അനുഷ്ഠാന പാരമ്പര്യവും സാമൂഹിക മൂല്യങ്ങളും സാർവ്വത്രികതയും ഉൾക്കൊള്ളുന്നു എന്നു പറയുമ്പോൾ സാഹിത്യപഠനത്തിൽ നാടൻപാട്ടുകളുടെ സ്ഥാനം സർവ്വശ്രേഷ്ഠമാണ് എന്നു പറയാതിരിക്കാൻ നിർവാഹമില്ല. മനുഷ്യമനസ്സിന്റെ അന്തരാളങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയുന്ന താളാത്മകതയാണ് നാടൻപാട്ടുകളെ ഇത്ര ജനകീയമാക്കിയിരിക്കുന്നത്. അവയിൽ അലിഞ്ഞുചേർന്നിരിക്കുന്ന അലങ്കാരകല്പനകൾ, ശൈലികൾ, പ്രയോഗങ്ങൾ എല്ലാം തന്നെ സവിശേഷ ശ്രദ്ധ ആകർഷിക്കുന്നു. സാധാരണക്കാരായ ജനതതിയുടെ അധ്വാന ലഘൂകരണത്തിനായി യഥാർഥ ജീവിതസാഹചര്യങ്ങളിൽ നിന്നും ഉദ്ഭൂതമായ തൊഴിൽപ്പാട്ടുകൾ, കലയും ആചാരങ്ങളും അനുഷ്ഠാനങ്ങളും ആഘോഷങ്ങളുമായി ബന്ധപ്പെട്ട അനുഷ്ഠാനഗാനങ്ങൾ, വിനോദത്തിനുവേണ്ടി രചിക്കപ്പെട്ട നുണപ്പാട്ടുകൾ, കഥാഗാനങ്ങൾ, അസംബന്ധ ഗാനങ്ങൾ ഇങ്ങനെ വൈവിധ്യത്തിന്റെ കാര്യത്തിലും ഇവ മുന്നിട്ടുതന്നെ നിൽക്കുന്നു. നാടൻശീലുകളിൽ രൗദ്രതാളത്തിലും പതിഞ്ഞ താളത്തിലും ഭാവപ്രകാശനത്തിനനുയോജ്യമായ ഈണത്തിൽ സംഗീതാത്മകമായി നൃത്തച്ചുവടുകളുടെ അകമ്പടിയോടെ വൈവിധ്യമാർന്ന നാടൻപാട്ടുകൾ അവതരിപ്പിക്കുന്നതിനും ശബ്ദലേഖനവും ദൃശ്യലേഖനവും നടത്തുന്നതിനും അതിലൂടെ ഗാനാത്മകമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിനും മലയാണ്മയുടെ മനോജ്ഞവും മധുരതരവുമായ ഈ ഗാനപാരമ്പര്യത്തിൽ ഊറ്റം കൊള്ളുന്നതിനും സാധിക്കുന്നതരത്തിലുള്ള അവസരങ്ങൾ ക്ലാസ്സിൽ പ്രദാനം ചെയ്യണം.

നാടൻസാഹിത്യപരമ്പര്യത്തിലെ പ്രബലവും പ്രധാനവുമായ ധാരയാണ് നാടൻപാട്ടുകൾ. പ്രാചീനമനുഷ്യർ അവരുടെ ആർജിതാനുഭവങ്ങളും അറിവുകളും സങ്കല്പങ്ങളും പ്രതീക്ഷകളും, സ്വപ്നങ്ങളും പ്രതിഷേധങ്ങളും പരിഹാസവും തങ്ങളുടെ പാട്ടുകളിലൂടെ പ്രകാശിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഒരു ജനതയുടെ സംസ്കാരത്തിന്റെ മൂലസ്രോതസ്സുകളാണവ.

വംശീയ പാരമ്പര്യം, അവതരണപശ്ചാത്തലം, ദേശഭേദം, ഇതിവൃത്തസ്വഭാവം, പാട്ടുകളുടെ ധർമ്മം രസാനുഭൂതി തുടങ്ങിയവ അടിസ്ഥാനമാക്കി പാട്ടുകളെ വർഗ്ഗീകരിക്കാവുന്നതാണ്. എന്നിരുന്നാലും വിഭാഗങ്ങളോ ഉപവിഭാഗങ്ങളോ തമ്മിൽ അതിവ്യാപനം ഉണ്ടാവുക സ്വാഭാവികമാണ്. സാമുദായിക പാട്ടുകൾ, അനുഷ്ഠാനപാട്ടുകൾ, വിനോദപാട്ടുകൾ, പണിപ്പാട്ടുകൾ, അസംബന്ധപ്പാട്ടുകൾ, കഥപാട്ടുകൾ എന്നിങ്ങനെ നാടൻപാട്ടുകൾ വർഗ്ഗീകരിക്കപ്പെട്ടിട്ടുണ്ട്.

**സാമുദായികപ്പാട്ടുകൾ**

ജാതി - വർഗ്ഗ പാരമ്പര്യം അവകാശപ്പെടുന്നവയാണ് സമുദായികപ്പാട്ടുകൾ. പുള്ളവൻ പാട്ട്, ബ്രാഹ്മണിപ്പാട്ട്, മാപ്പിളപ്പാട്ട് തുടങ്ങിയവ ഇതിന് ഉദാഹരണമാണ്. ഓരോ വിഭാഗക്കാരുടേയും പാട്ടുകളിൽ അനുഷ്ഠാനപരമോ വിനോദപരമോ തൊഴിൽപരമോ ആയ പാട്ടുകൾ കാണാം.

**അനുഷ്ഠാനപാട്ടുകൾ**

ദേവതോപാസന, ആരാധന, അനുഷ്ഠാന ചടങ്ങുകൾ, മതപരമായ സംസ്കാരചടങ്ങുകൾ, അനുഷ്ഠാനകലാനിർവഹണം, മന്ത്രവാദബലിക്രിയകൾ, ഉച്ചാടനകർമ്മങ്ങൾ, വ്രതനിഷ്ഠമോ അനുഷ്ഠാന ബന്ധമോ ആയ ഉത്സവാഘോഷാദികൾ തുങ്ങിയവയ്ക്ക് പാടാറുള്ളവയെ പൊതുവെ അനുഷ്ഠാനപാട്ടുകൾ എന്നു പറയുന്നു.

സർപ്പപ്പാട്ടുകൾ, തോറ്റംപാട്ടുകൾ പൂരക്കളിപ്പാട്ടുകൾ, കളംപാട്ട് പാട്ടുകൾ, പടയണിപ്പാട്ടുകൾ, മുടിയേറ്റ് പാട്ടുകൾ തുടങ്ങിവ ഈ വിഭാഗത്തിൽപ്പെടുന്നു

**വിനോദപ്പാട്ടുകൾ**

കളികൾക്കും വിനോദങ്ങൾക്കും പാടുന്ന പാട്ടുകളാണിവ. കോൽക്കളി, ചവിട്ടുകളി, കൈകൊട്ടിക്കളി, ദഫ്കളി, തുമ്പിത്തുള്ളൽ തുടങ്ങിയ പാട്ടുകൾ വിനോദപ്പാട്ടുകളിൽപെടുന്നു. കല്യാണപ്പാട്ടുകളുടെ മുഖ്യധർമ്മവും വിനോദിപ്പിക്കലത്രേ.

**പണിപ്പാട്ടുകൾ**

തൊഴിലുകളുമായി ബന്ധപ്പെട്ടതാണ് പണിപ്പാട്ടുകൾ. പണിയെടുക്കുമ്പോൾ ആനന്ദവും ആശ്വാസവും അരുളുകയാണ് ഇവയുടെ പ്രധാന ധർമ്മം. താളബോധമാണ് ഇവയുടെ ജീവൻ. പണിപ്പാട്ടുകളിൽ ഒരു പ്രധാന ഇനമാണ് കൃഷിപ്പാട്ടുകൾ. ഞാറ്റുപാട്ടുകൾ, കൊയ്ത്തുപാട്ടുകൾ എന്നിങ്ങനെ കാർഷികവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പാടുവാൻ പാട്ടുകളുണ്ട്. തേക്കുപാട്ടുകൾ, അരവുപാട്ടുകൾ, വള്ളപ്പാട്ടുകൾ, മീൻപിടിപ്പാട്ടുകൾ, വണ്ടിപ്പാട്ടുകൾ എന്നിങ്ങനെ വിവിധ തൊഴിലുകളുമായി ബന്ധപ്പെട്ട ധാരാളം പാട്ടുകളുണ്ട്.

**അസംബന്ധപ്പാട്ടുകൾ**

നിരർത്ഥകങ്ങളെന്നോ അയുക്തികങ്ങളെന്നോ അസംബന്ധങ്ങളെന്നോ തോന്നാവുന്ന നാടൻപാട്ടുകൾ ഉണ്ട്. പ്രഥമശ്രവണത്തിൽ നിരർത്ഥകമായി തോന്നാമെങ്കിലും ഇവയിൽ പല ആശയങ്ങളും അടങ്ങുന്നുണ്ട്.

''അടക്കാതോട്ടിലുരിയരിവെച്ചു
പാപ്പാനുണ്ടു പാർവതിയുണ്ടു
പന്ത്രണ്ടാന പടിഞ്ഞിരുന്നുണ്ടു
മഠത്തിലെ പാട്ടിയും മക്കളും ബാക്കി"

ഈ വരികളിൽ മേൽപ്പറഞ്ഞ സവിശേഷതകൾ കാണാവുന്നതാണ്.

**കഥപ്പാട്ടുകൾ**

ആഖ്യാന സ്വഭാവമുള്ളവയാണ് കഥപ്പാട്ടുകൾ. സാമൂദായികപ്പാട്ടുകൾ, അനുഷ്ഠാനപ്പാട്ടുകൾ, പണിപ്പാട്ടുകൾ തുടങ്ങിയ വിഭാഗങ്ങളിലെല്ലാം കഥപ്പാട്ടുകൾ അടങ്ങുന്നുണ്ട്.

വടക്കൻപാട്ടുകൾ, തെക്കൻപാട്ടുകൾ, മാപ്പിളപ്പാട്ടുകൾ, തോറ്റംപാട്ടുകൾ എന്നിവ ഉദാഹരണങ്ങളാണ്.

**സംഗീതം നാടൻപാട്ടുകളിൽ**

ശബ്ദസൗഭഗമാണ് നാടൻപാട്ടികളുടെ ഒരു സവിശേഷത. ആദ്യക്ഷരപ്രാസം, ദ്വിതീയാക്ഷര പ്രാസം, അന്ത്യപ്രാസം എന്നിവ നാടൻപാട്ടുകളിൽ കാണാം. പദ-വാക്യപുനരാവൃത്തി നാടൻ പാട്ടുകളുടെ പ്രത്യേകതയാണ്. പദം, പദസമൂഹം എന്നിവയിൽ മാത്രമല്ല പാദങ്ങളിൽപോലും പ്രത്യേക തരത്തിലുള്ള ആവർത്തനം കാണാം.

ഉദാ: "പള്ളിയറ വാതുക്ക ചെല്ലുന്നല്ലോ
പള്ളിയറ വാതുക്ക ചെല്ലുന്നേരം
പള്ളിയറ വാതില് തുറന്നുകണ്ടു
പള്ളിയറയിലങ്ങനെ നോക്കുന്നല്ലോ"

*(വടക്കൻ പാട്ട്)*

നാടൻ പാട്ടുകളിലെ സംഗീതത്തിന് ആലാപനത്തിലും ചൊൽവടിവിലും തനതായ ശൈലിയുണ്ട്. ആ, ഏ, ഓ, ആൻ, ഉ് തുടങ്ങിയ സ്വരങ്ങളുടെ ആലാപനം സാധാരണമാണ്. നാടൻപാട്ടുകളിൽ താളം അനുപേക്ഷണീയമായ ഘടകമാണ്. പാടുവാനുള്ള കാലത്തിന്റെ പരിമാണത്തെയാണ് 'താളം' സൂചിപ്പിക്കുന്നത്.

താളവട്ടവും ചൊൽവടിവും ഉൾക്കൊള്ളുന്ന വായ്ത്താരികളും നാടൻപാട്ടുകളിൽ ധാരാളം പ്രയോഗിച്ചുകാണുന്നുണ്ട്.

ഉദാ: //തി -ത്തിനോ - തക/തി - ത്തിനോ - തക
തി-ത്തിനോ - തക/താ-രിക......//

//ക -ത്തനാ-രുടെ/കെ-ട്ടിയോ-ളൊരു/
കെ-ട്ടുകെ-ട്ടൊരു/ദ-ക്ഷിണ...........//

*(കൊയ്തുപാട്ട് )*

# യൂണിറ്റ് –3

# കാവ്യപരിണാമം - ചില നാഴികക്കല്ലുകൾ

'കാവ്യപരിണാമം - ചില നാഴികക്കല്ലുകൾ' എന്ന യൂണിറ്റിലൂടെ ഗാഥ, കിളിപ്പാട്ട്, തുള്ളൽ എന്നീ പ്രസ്ഥാനങ്ങളും അവയുടെ ഭാഷാപരവും സാഹിത്യപരവും സാംസ്കാരികവുമായ പ്രത്യേകതകളും സാമാന്യമായി തിരിച്ചറിയണം.

ഖണ്ഡകാവ്യം, ഭാവഗീതം, ആധുനിക കവിത തുടങ്ങിയവയുടെ ഭാഷാപരവും പ്രമേയപരവുമായ സവിശേഷതകൾ തിരിച്ചറിയണം.

ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കുന്ന കുട്ടികളുടെ കവിതകൾ വിശകലനം ചെയ്ത് മികവുകളും പരിമിതികളും ക്ലാസിൽ ചർച്ച ചെയ്യണം.

**ഗാഥ**

ഗാഥയെന്നാൽ ഒരു ഗാനരീതിയെന്നാണർത്ഥമെങ്കിലും ആദ്യം ഓർമ്മ വരുന്നത് കൃഷ്ണഗാഥ അഥവാ കൃഷ്ണപ്പാട്ട് തന്നെ. കോലഭൂപന്റെ ആജ്ഞയനുസരിച്ച് ചെറുശ്ശേരിയാൽ വിരചിതമായ, താരാട്ടുപാട്ടിന്റെ ഹൃദ്യതാളത്തിൽ ചൊല്ലിപ്പോരുന്ന, മഞ്ജരിയുടെ മധുരിമകളിയാടുന്ന, പണ്ഡിതപാമര ഭേദമെന്യേ ആസ്വാദ്യതരമായ ശ്രീകൃഷ്ണകഥാമൃതമായ കൃഷ്ണഗാഥ മലയാണ്മയുടെ ചൈതന്യത്തെ പ്രോജ്ജ്വലിപ്പിക്കുന്ന കൃതിയായിത്തന്നെ ഇന്നും നിലകൊള്ളുന്നു. ലളിതകോമളമായ രചനാവൈഭവം തന്നെയാണ് കൃഷ്ണഗാഥയുടെ മഹത്ത്വം. സരളവും ഋജുവുമായ ഭാഷാശൈലിയും അലങ്കാരസമൃദ്ധിയും അവയുടെ സഹജസ്വഭാവവും മിന്നിമറയുന്ന ഭാവമധുരങ്ങളായ തൂലികാചിത്രങ്ങളും മാനുഷിക വികാരങ്ങളുടെ മധുരീകരിച്ച പ്രതിപാദനവും വർണ്ണനകളുടെ അന്യാദൃശ്യമായ ചിത്രീകരണവും ഫലിത പരിഹാസങ്ങളുടെ സമഞ്ജസമായ സമ്മേളനവും കൃഷ്ണഗാഥയെ വ്യതിരിക്തമായിത്തന്നെ നിലനിർത്തുന്നു. മഹിളാളി മഹാസ്പദമായ മണിപ്രവാളത്തിൽ നിന്നും കൈരളിയെ കൈപിടിച്ചുയർത്താൻ ചെറുശ്ശേരിക്കു കഴിഞ്ഞു. കൃഷ്ണഗാഥയുടെ സവിശേഷതകൾ പഠനവിധേയമാക്കാനും സ്കൂൾ പാഠപുസ്തകങ്ങളിലെ നിത്യസാന്നിദ്ധ്യമായ പാഠഭാഗങ്ങളെ മുൻനിർത്തി ചെറുശ്ശേരിക്കവിതയെ അറിയാനും ഉള്ള അവസരങ്ങൾ അധ്യാപക വിദ്യാർഥിക്ക് ലഭിക്കണം.

**കിളിപ്പാട്ട്**

'പുതുമലയാണ്മതൻ മഹേശ്വരൻ' എന്നു മഹാകവി വള്ളത്തോൾ വിശേഷിപ്പിച്ച മലയാളഭാഷയുടെ പിതാവായ, ഭക്തിയുടെ നിറകുടമായ, എഴുത്തച്ഛന്റെ ശാരികപൈതലായ കിളിപ്പാട്ടു പ്രസ്ഥാനവും അതിലെ അത്യുജ്ജ്വലങ്ങളായ രണ്ടു മഹാകാവ്യങ്ങളും മലയാളഭാഷയുടെ ഭാഗധേയം തന്നെ മാറ്റിമറിച്ചു എന്നത് നിർവ്വിശങ്കമായി പറയാൻ കഴിയുന്നതാണ്. സാംസ്കാരിക അപചയത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ നിന്നും ഭക്തിയുടെ മാസ്മരിക ലോകത്തിലേയ്ക്ക് മലയാളിയെ നയിച്ച മഹാജ്ഞാനി, ക്ഷണപ്രഭാചഞ്ചലങ്ങളായ ഭോഗത്തെപ്പറ്റിയും ക്ഷണഭംഗുരമായ മർത്ത്യജന്യത്തെപ്പറ്റിയും സാമാന്യജനങ്ങൾക്കുപോലും മനസ്സിലാകുന്ന ഭാഷയിൽ പറഞ്ഞുതന്ന തത്വചിന്തകൻ, പ്രാചീന വൃത്തങ്ങളെ തേച്ചുമിനുക്കി ദീപ്തശോഭമാക്കി സ്വകീയ കാഴ്ചപ്പാടിലവതരിപ്പിച്ച വൈയാകരണൻ, മറ്റെല്ലാരസത്തെക്കാളും ഭക്തിരസം ആവിഷ്ക്കരിക്കുമ്പോൾ തന്നെത്തന്നെ മറന്നുപോകുന്ന ഭക്തകവി, അനുവാചകമനസ്സിനെ ജ്വലിപ്പിക്കുകയും രസിപ്പിക്കുകയും ചെയ്യുമാറ് സന്ദർഭാനുസാരിയായി ശബ്ദാലങ്കാരങ്ങളും അർത്ഥാലങ്കാരങ്ങളും നിരനിരയായി കോർത്തിണക്കിയ വാക്കുകളെക്കൊണ്ട് അമ്മാനമാടിയ വാഗീശ്വരൻ, നവരസ

ങ്ങളുടെ നൈസർഗ്ഗികമായ അവതരണത്തിലൂടെ അമാനുഷികപരിവേഷത്തെ മാനുഷികതലത്തിലേയ്ക്കാനയിച്ച ശില്പി, നിരങ്കുശമായ ജീവിതചര്യകളുടെ നിരർത്ഥകതയെ സോദഹാരണം ജനസാമാന്യത്തിന് ബോധ്യപ്പെടുത്തിയ സാമൂഹ്യപരിഷ്ക്കർത്താവ്, സാരോപദേശത്തിലൂടെ ഒരു ജനതയെ ഇളക്കിമറിച്ച് ഭക്തിയുടെ വിത്തുകൾ പാകി, മുളപ്പിച്ച്, പരിപാലിച്ച് കാത്തുസൂക്ഷിക്കാൻ കഴിയുന്ന ആദ്ധ്യാത്മികാചാര്യൻ എന്നീ നിലകളിലെല്ലാം തുഞ്ചത്താചാര്യൻ മലയാള കാവ്യനഭസ്സിലെ ശുക്രനക്ഷത്രമായി ഇന്നും വിരാജിക്കുന്നു. സമാനതകളില്ലാത്ത വെള്ളിനക്ഷത്രം!

അധ്യാപക വിദ്യാർഥികൾ എന്ന നിലയിൽ എഴുത്തച്ഛൻ കൃതികളെ സാമാന്യമായി പരിചയപ്പെടുകയും സ്കൂൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള എഴുത്തച്ഛൻ കൃതികളെ പഠനവിധേയമാക്കുകയും വിശകലനത്തിലൂടെ ഭാഷാസവിശേഷതകളും പ്രയോഗചാരുതയും പ്രമേയത്തികവും കാലഘട്ടത്തിന്റെ അനിവാര്യതയും ചർച്ച ചെയ്യപ്പെടുകയും ചെയ്യേണ്ടതാണ്.

### തുള്ളൽ

പ്രബോധനത്തിന്റെയോ വിമർശനത്തിന്റെയോ വ്യത്യസ്ത മുഖങ്ങൾ പ്രദർശിപ്പിച്ചവയാണ് മലയാളത്തിലെ മധ്യകാല കവിതകളിൽ മിക്കവയും. നിശിതമായ സാമൂഹിക വിമർശനത്തെ ഹാസ്യത്തിന്റെ മേമ്പൊടി ചേർത്ത് ആകർഷകമായി അവതരിപ്പിച്ച കുഞ്ചൻനമ്പ്യാരാണ് തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായി പരിഗണിക്കപ്പെടുന്നത്. നമ്പ്യാരുടെ കാലത്തും അതിനു മുമ്പും പ്രചാരത്തിലുണ്ടായിരുന്ന പടയണിതുള്ളൽ എന്ന കലാരൂപത്തെ പരിഷ്കരിച്ചാവാം തുള്ളൽ എന്ന ദൃശ്യകലയും അതിനുവേണ്ടുന്ന സാഹിത്യവും സൃഷ്ടിച്ചത്.

പറയൻ, ശീതങ്കൻ, ഓട്ടൻ, എന്നിങ്ങനെ തുള്ളൽ മുന്നുതരമുണ്ട്. പറയരുടെ പഴയ അഭിനയരീതി പരിഷ്ക്കരിച്ചതായിരിക്കണം പറയൻ തുള്ളൽ. കുരുത്തോല വേഷമണിഞ്ഞ് നടത്തുന്ന പടയണിയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് നമ്പ്യാർ ചിട്ടപ്പെടുത്തിയതാണ് ശീതങ്കൻതുള്ളൽ എന്ന് വിശ്വസിക്കപ്പെടുന്നു. ശീതങ്കൻതുള്ളലിന് ഇന്നും കുരുത്തോലച്ചമയങ്ങളാണ് വേഷക്കാർ അണിയുന്നത്. പറയൻ, ശീതങ്കൻ എന്നീ രീതികളെ അപേക്ഷിച്ച് അൽപം വേഗത്തിൽ (ഓടിച്ച്) ചൊല്ലേണ്ടതുകൊണ്ടാണ് 'ഓട്ടൻ' എന്ന പേരുണ്ടായത് എന്ന് ചിലർ വാദിക്കുന്നു. 'ബാധ' ഒഴിക്കാനായി നടത്തപെട്ടിരുന്ന കോലം തുള്ളലിനെ അനുകരിച്ചാണ് നമ്പ്യാർ ഓട്ടൻതുള്ളൽ ചിട്ടപ്പെടുത്തിയത് എന്നും അതുകൊണ്ടാണ് 'ഓട്ടൻ' (ബാധ ഓടിക്കുന്നവൻ) എന്ന പേര് വന്നത് എന്നും എസ്.കെ.നായർ അഭിപ്രായപ്പെടുന്നു. വേഷത്തിന്റെ കാര്യത്തിലും മുഖത്തെഴുത്തിന്റെ (പച്ച) കാര്യത്തിലുമുള്ള സമാനത ഈ വാദത്തെ ബലപ്പെടുത്തുന്നു.

അധ്യാപകവിദ്യാർഥികൾ തുള്ളൽ കൃതികളെക്കുറിച്ച് സാമാന്യമായി മനസ്സിലാക്കിയിരിക്കേണ്ടതും പ്രൈമറി പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള നമ്പ്യാർകൃതികളെ വിശകലനത്തിന് വിധേയമാക്കി അവയുടെ സവിശേഷതകൾ കണ്ടെത്തേണ്ടതുമാണ്.

### ഭാവഗീതങ്ങൾ

ആത്മനിഷ്ഠമായ കവിതകളിൽ ഉൾപ്പെടുന്ന ഒരു കാവ്യ സങ്കേതമാണ് ഭാവഗീതം (Lyric) ഗ്രീസിൽ നിന്നാണ് ഇതിന്റെ ഉത്ഭവം. ശബ്ദഭംഗി, ഗാനാത്മകത എന്നിവയ്ക്ക് ഭാവഗീതങ്ങൾ പ്രത്യേക ശ്രദ്ധ നൽകുന്നു. പ്രത്യേക വികാരങ്ങൾ കേന്ദ്രീകൃതമായിരിക്കണം, ആത്മാലാപനമായിരിക്കണം, ഹ്രസ്വമായിരിക്കണം, ഗാനാത്മകമായിരിക്കണം എന്നിങ്ങനെ ചില ലക്ഷണങ്ങൾ കല്പിക്കപ്പെട്ടതോടെ ഭാഗഗീതങ്ങൾ കാവ്യസാഹിത്യത്തിൽ ഒരു പ്രത്യേക വിഭാഗമായിത്തീർന്നു.

**ഭാവഗീതത്തെക്കുറിച്ച് ചങ്ങമ്പുഴ..........**

ഉത്തമമായ ഒരു ഭാവഗീതം അമോഘമായ ഒരു വികാരത്തിന്റെ മൂർത്തീകരണമായിരിക്കും. ആത്മാർത്ഥതയിൽ നിന്നുള്ള അതിന്റെ ആവിർഭാവം അകൃത്രിമത്വത്തിന്റെ പരിവേഷത്തിൽ ഉദ്ദീപ്തവും അനുവാചകലോകത്തിനു തികച്ചും ആകർഷകവും ഹൃദയസ്പർശകവുമായിരിക്കും. അതിന്റെ ഭാഷയും അതുൾക്കൊള്ളുന്ന വാങ്മയചിത്ര പരമ്പരയും സൗന്ദര്യത്തിന്റെയും സ്പഷ്ടതയുടെയും സാന്നിദ്ധ്യത്താൽ മാത്രമല്ല, പ്രതിപാദ്യത്തിനും പ്രതിപാദനോപാധിക്കും തമ്മിൽ സകലകലകളിലും ആവശ്യമായ സമുചിത ബന്ധത്തിൽ കൂടി സമലംകൃതമായിരിക്കുന്നതാണ്. ഒരു ഭാവത്തിന്റെയോ അനുഭവത്തിന്റെയോ പ്രതിഫലനം വികാരതീഷ്ണതയാൽ നിറം പിടിപ്പിക്കുകയും ഹൃദയസ്പർശകമാക്കിച്ചമയ്ക്കുകയും ചെയ്യുന്നതാണ് കലാപരമായ അതിന്റെ പ്രത്യേക വൈശിഷ്ട്യം.

കാല്പനിക പ്രസ്ഥാനത്തിൽപ്പെടുന്ന പ്രധാന കാവ്യശാഖയായ ഭാഗഗീതങ്ങൾ, വൈയക്തിക ഭാവങ്ങൾ അയത്ന ലളിതമായ ഭാഷയിലൂടെ അവതരിപ്പിക്കുന്ന കാവ്യങ്ങളാണ്. 'ഏകാഗ്രഭാസുരമായ ഒരു വ്യക്തിഭാവത്തിന്റെ നാതിദീർഘവും സംഗീതാത്മകവുമായ രചന' എന്ന് പി.വി. വേലായുധൻപിള്ള ഭാവഗീതത്തെ നിർവ്വചിക്കുന്നു. പരത്തിപ്പറയുന്ന വർണനാസ്വഭാവം ഭാവഗീതങ്ങൾക്കില്ല. വൈയക്തികാനുവഭത്തിന്റെ സൂക്ഷ്മ സൗന്ദര്യത്തെ സംഗീതാത്തമകമായ ഭാവനൈരന്തര്യത്തോടെ അനുവാചകഹൃദയത്തിലേക്ക് സന്നിവേശിപ്പിക്കുന്നവയാണ് മികച്ച ഭാവഗീതങ്ങൾ. ചങ്ങമ്പുഴയുടെ കാവ്യനിർത്തകിപോലുള്ള കവിതകൾ പരിശോധിച്ചാൽ ഭാവഗീതത്തിന്റെ പ്രത്യേകതകൾ വ്യക്തമാകും. മലയാളത്തിൽ ഭാവഗീതങ്ങളുടെ ആദ്യസ്പുരണങ്ങൾ കടന്നുവരുന്നത് എ.ആർ. രാജരാജവർമ്മയുടെ മലയവിലാസം, വി.സി. ബാലകൃഷ്ണപ്പണിക്കരുടെ ഒരു വിലാപം, വിശ്വദർശനം തുടങ്ങിയ കൃതികളിലാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. ലക്ഷണമൊത്ത ഭാവഗീതങ്ങൾ മലയാളത്തിന് സ്വന്തമാകുന്നത് ചങ്ങമ്പുഴയുടെയും ശങ്കരക്കുറിപ്പിന്റേയും സാഹിത്യപ്രവേശത്തോടുകൂടിയാണെന്ന് തീർത്തുപറയാം.

### ഗീതകം (Sonnet)

പതിനാലുവരിയിൽ ഒതുങ്ങുന്നതും നിശ്ചിതമായ ഘടനയോടുകൂടിയതുമായ ഒരു കാവ്യശില്പമാണ് ഗീതകം (Sonnet) 'സോണെറ്റോ' എന്ന ഇറ്റാലിയൻ വാക്കിന് 'ഒരു ചെറിയ നാദം' എന്നാണ് അർത്ഥം. സംഗീതോപകരണങ്ങളോടുകൂടിയ ലഘു ഗാനങ്ങൾ 'സോണെറ്റ്' എന്നറിയപ്പെട്ടു.

നാലുവരിവീതമുള്ള മൂന്നു ഭാഗങ്ങളും രണ്ടുവരിയിൽ ഒരു ഉപസംഹാരവും എന്നതാണ് ഇംഗ്ലീഷ് സോണറ്റുകളുടെ രീതി. ഷേക്സ്പിയർ ഈ രീതിയാണ് ഉപയോഗിച്ചിരുന്നത്. 'പ്രസ്ഥാനത്രയം' എന്ന ഗ്രന്ഥത്തിൽ കവിതിലകൻ പി. ശങ്കരൻനമ്പ്യാർ ഗീതത്തെ പാശ്ചാത്യഗീതക മാതൃകകളോട് ബന്ധിപ്പിക്കുകയും ലക്ഷണ നിർണ്ണയം ചെയ്യുകയും ചെയ്തു. ഉള്ളൂർ, സർദാർ കെ.എം. പണിക്കർ, കെ.കെ.രാജ, വൈലോപ്പിള്ളി, അക്കിത്തം തുടങ്ങിയവർ ഈ രൂപത്തിൽ കവിതകൾ രചിച്ചിട്ടുണ്ട്.

എം.പി. അപ്പന്റെ 'വെള്ളിനക്ഷത്രം' കെ.എം. പണിക്കരുടെ 'സന്ധ്യാരാഗം' വൈലോപ്പിള്ളിയുടെ 'കുരുവികൾ' അക്കിത്തത്തിന്റെ 'സഞ്ചാരികൾ' ഇവയാണ് മലയാളത്തിലെ പ്രധാനഗീതക സമാഹരങ്ങൾ.

### മുക്തകം

ഇംഗ്ലീഷിലെ ഗീതകപ്രസ്ഥാനത്തിനു സമാനമായി സംസ്കൃതത്തിലും അതിനെ അനുകരിച്ച മലയാളത്തിലും വളർന്നുവന്നിട്ടുള്ള ഒരു ലഘുകാവ്യപ്രസ്ഥാനമാണ് മുക്തകം. മുക്തകം എന്ന

പദത്തിന് 'മുത്ത്' എന്നാണ് അർത്ഥം. മാലയിൽ കോർക്കാത്ത ഒറ്റമുത്തുപോലെ അനുസ്യൂത മായ ഒരു വിചാരധാരയിൽ പങ്കുകൊള്ളാതെ ഒറ്റപ്പെട്ടുനിൽക്കുകയും ആശയത്തിന്റെ ഉജ്ജ്വലതയും ചമൽക്കാരത്തിന്റെ ഭംഗിയും ഒത്തിണങ്ങുകയും ചെയ്യുന്ന ഒറ്റ ശ്ലോകങ്ങളാണ് മുക്തകങ്ങൾ. വെണ്മണികവികൾ, വള്ളത്തോൾ, ചങ്ങമ്പുഴ തുടങ്ങിയവർ മുക്തകങ്ങൾ രചിച്ചി ട്ടുണ്ട്. വള്ളത്തോളിന്റെ 'വിലാസലതിക' ശൃംഗാരപ്രധാനമായ മുക്തക സമാഹരമാണ്.

**ഖണ്ഡകാവ്യം**

ഗദ്യത്തിലുള്ള ചെറുകഥ, നോവലറ്റ് എന്നിവയ്ക്ക് സമാനമായി പദ്യത്തിലുള്ള ഒരു വിഭാഗ മാണ് ഖണ്ഡകാവ്യം. പശ്ചാത്യപൗരസ്ത്യസാഹിത്യങ്ങളിൽ നിന്നെല്ലാം പലസങ്കേതകങ്ങളും കൂടിക്കലർന്ന് രൂപം പ്രാപിച്ചിട്ടുള്ള ഖണ്ഡകാവ്യത്തിന് കൃത്യമായ ലക്ഷണം പറയുക പ്രയാസ മാണ്. ഇംഗ്ലീഷിലുള്ള 'Short Poems' എന്ന കാവ്യ വിഭാഗത്തോടാണ് മലയാളത്തിലെ ഖണ്ഡ കാവ്യങ്ങൾക്ക് കൂടുതൽ കടപ്പാട്. പുരാണകഥാ സന്ദർഭങ്ങളോ, കവികല്പിതമായ ഇതിവൃത്ത ങ്ങളോ ആകാം ഖണ്ഡകാവ്യത്തിന് ആധാരം. ഏതെങ്കിലും ഒരു വസ്തു, ഒരു സംഭവം, ഒരു വികാരം ഇവയെല്ലാം ഖണ്ഡകാവ്യങ്ങൾക്ക് വിഷയമാകാം.

കുമാരനാശാന്റെ 'വീണപൂവ്, നളിനി' വള്ളത്തോളിന്റെ 'മഗ്ദലനമറിയം' ഉള്ളൂരിന്റെ 'കർണ്ണഭൂഷണം' തുടങ്ങി ധാരാളം ഖണ്ഡകാവ്യങ്ങൾ മലയാളത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്.

**ആധുനിക കവിത**

പഴയകാലത്തെ അപേക്ഷിച്ച് ആധുനിക കവികൾ ആവിഷ്കരിക്കുന്ന ഭാവങ്ങൾ സൂക്ഷ്മങ്ങളും സങ്കീർണ്ണങ്ങളും ആയിക്കൊണ്ടിരിക്കുകയാണ്. അവയ്ക്ക് അനുയോജ്യമായ തരത്തിലുള്ള ഭാഷയും ആവിഷ്കാരരൂപങ്ങളും കവിതയിൽ പ്രത്യക്ഷപ്പെടാറുമുണ്ട്. ജീവിതാനുഭവങ്ങളെ തങ്ങളുടേത് മാത്രമായ കാഴ്ചപ്പാടിലൂടെ വീക്ഷിക്കുമ്പോൾ ഉണ്ടാകുന്ന കാവ്യാനുഭൂതികളാണ് അവർ ചിത്രീകരിക്കുന്നത് ആധുനിക കവികൾക്ക് ചിത്രീകരിക്കാനുള്ള അനുഭൂതികൾ സ്വകാ ര്യങ്ങളും സങ്കീർണ്ണങ്ങളും ആണ്. അതുകൊണ്ടുതന്നെ അസാധാരണങ്ങളായ കാവ്യസങ്കേത ങ്ങളോ, പദച്ചേരുവകളോ അവർക്ക് സ്വീകരിക്കേണ്ടിവരുന്നു. സങ്കീർണ്ണമാനസികാനുഭൂതിക ളുടെ വിവിധ തലങ്ങളെ സൂക്ഷ്തയോടുകൂടി വെളിപ്പെടുത്താൻ ശ്രമിക്കുമ്പോൾ അതിന്റെ പ്രതിഫലനങ്ങൾ കവിതയിൽ ദൃശ്യമാകുന്നു. പൊതു നിർവചനത്തിന് വഴങ്ങാത്തവിധം വൈവി ധ്യവും പലപ്പോഴും വൈരുദ്ധ്യവും പുലർത്തുന്ന രചനകളാണ് ആധുനിക കവിതകൾ.

അയ്യപ്പണിക്കരുടെ 'കുരുക്ഷേത്രം' കടമ്മനിട്ടയുടെ 'ശാന്ത' തുടങ്ങിയ രചനകൾ ആധുനിക കവിതകളുടെ സവിശേഷതകൾ പ്രകടമാക്കുന്നുണ്ട്. എൻ.എൻ. കക്കാട്, ആറ്റൂർ രവിവർമ്മ, കെ.ജി. ശങ്കരപിള്ള, ബാലചന്ദ്രൻ ചുള്ളിക്കാട് തുടങ്ങി നിരവധി കവികൾ ഈ കാവ്യശാഖയ്ക്ക് ഈടുറ്റ സംഭാവനകൾ നൽകിയിട്ടുണ്ട്.

ഭാവഗീതങ്ങൾ, ഗീതങ്ങൾ, മുക്തകങ്ങൾ, ഖണ്ഡകാവ്യം, ആധുനിക കവിത എന്നിവയെക്കു റിച്ച് സാമാന്യധാരണയുണ്ടാക്കാൻ സഹായകമായ രീതിയിലാകണം ഈ യൂണിറ്റ് വിനിമയം ചെയ്യപ്പെടേണ്ടത്.

# യൂണിറ്റ് – 4

# നോവലും ചെറുകഥയും

കഥാകഥനത്തിന്റെ താരതമ്യേന നവീനവും ബൃഹത്തുമായ സ്വരൂപമാണ് നോവൽ. 'നോവൽ' എന്ന പദത്തിന്റെ അർത്ഥം 'അഭിനവം' എന്നത്രേ. മനുഷ്യജീവിതത്തെ അതിന്റെ സമഗ്രഭാവത്തോടെയും വൈപുല്യവൈചിത്ര്യങ്ങളോടെയും ചിത്രീകരിക്കാവുന്ന സാഹിത്യരൂപം എന്ന നിലയിൽ വായനാലോകത്ത് നോവലുകൾക്ക് വലിയ സ്വാധീനം നേടാൻ കഴിഞ്ഞു. ഉള്ളടക്ക സ്വഭാവമനുസരിച്ച് നോവലുകളെ ചരിത്രനോവൽ, സാമൂഹ്യനോവൽ, ശാസ്ത്ര നോവൽ, അപസർപ്പക നോവൽ (Detective) എന്നിങ്ങനെ തിരിച്ചിരിക്കുന്നു. പാശ്ചാത്യനോവലിന്റെ ചുവടുപിടിച്ചാണ് മലയാളത്തിൽ നോവൽ (ആഖ്യായിക) പ്രസ്ഥാനം രൂപമെടുത്തത്. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യനോവലായി പരിഗണിക്കപ്പെടുന്നത് ഒ. ചന്തുമേനോൻ എഴുതിയ 'ഇന്ദുലേഖ'യാണ്.

പേരു സൂചിപ്പിക്കുന്നതുപോലെ തന്നെ ചെറുകഥ ചെറിയ കഥയാണ്. എന്നാൽ എല്ലാ ചെറിയ കഥയും ചെറുകഥയല്ല. സൂക്ഷ്മമായ കഥാവസ്തുവിനെ വികാരോഷ്മളമായി ചിത്രീകരിക്കുന്നവയാണ് ചെറുകഥകൾ. ഏകാഗ്രതയാണ് അതിന്റെ മുഖമുദ്ര. നോവലിനെപ്പോലെ മനുഷ്യജീവിതത്തെ അതിന്റെ സമഗ്രതയിൽ അതിവിശാലമായ ക്യാൻവാസിൽ ചിത്രീകരിക്കുക ചെറുകഥയുടെ ലക്ഷ്യമല്ല. വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ എഴുതിയ 'വാസനാവികൃതി' യാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ.

സ്കൂൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള നോവലുകൾക്കും കഥകൾക്കും മുഖ്യപരിഗണന നൽകിക്കൊണ്ട് മലയാളത്തിലെ നോവൽ, ചെറുകഥാപ്രസ്ഥാനങ്ങളെക്കുറിച്ച് സാമാന്യധാരണ അധ്യാപക വിദ്യാർത്ഥികളിൽ രൂപപ്പെടുന്നതിന് ഉതകുന്ന പ്രവർത്തനങ്ങളാണ് യൂണിറ്റുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ നടക്കേണ്ടത്. ഒപ്പം സാഹിത്യാസ്വാദനവും രചനയും പ്രോത്സാഹിപ്പിക്കപ്പെടണം.

**പ്രവർത്തനം (മാതൃക)**

'ആദ്യകാല മലയാളനോവലുകളിലെ ഭാഷ, ഇതിവൃത്തം, പാത്രസൃഷ്ടി, ആഖ്യാനശൈലി തുടങ്ങിയവയിൽ നിന്നുള്ള പടിപടിയായ വികാസമാണ് പിൽക്കാല നോവലുകളിൽ കാണുന്നത്.'–സി.വി.രാമൻപിള്ള, വൈക്കം മുഹമ്മദ്ബഷീർ, അഷിത എന്നീ എഴുത്തുകാരുടെ രചനകളെ മുൻനിർത്തി ചർച്ച ചെയ്യുക. (സ്കൂൾ പാഠപുസ്തകങ്ങളിലെ രചനകൾക്ക് ഊന്നൽ നൽകണം)

**പ്രവർത്തനം (മാതൃക)**

"നാടോടിക്കഥകളും മുത്തശ്ശിക്കഥകളും എല്ലാം ഉണ്ടാക്കിയ കഥാസങ്കൽപ്പങ്ങളിൽ നിന്നും തികച്ചും വിഭിന്നമാണ് ചെറുകഥയുടെ ഘടന"–സ്കൂൾ പാഠപുസ്തകത്തിലെ ചെറുകഥകളും നാടോക്കഥകളും പരിശോധിച്ച് പാത്രസൃഷ്ടി, ഇതിവൃത്തം, ആഖ്യാനശൈലി, ഭാഷ തുടങ്ങിയ സവിശേഷതകൾ കണ്ടെത്തി അവതരിപ്പിക്കുക (ചർച്ച/സെമിനാർ/ഉപന്യാസം/വായനക്കുറിപ്പ് തുടങ്ങിയ പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്താം.)

# യൂണിറ്റ് – 5

# സാഹിത്യവും രംഗകലയും

രംഗകലയുമായി ബന്ധപ്പെട്ട് വികസിച്ചു വന്ന ചില സാഹിത്യ രൂപങ്ങൾ ഏത് ഭാഷയിലും കണ്ടെത്താനാവും. ഇത്തരത്തിൽ മലയാളത്തിൽ ശ്രദ്ധേയമായ സാഹിത്യരൂപങ്ങളാണ് ചമ്പു ക്കൾ, തുള്ളൽകൃതികൾ, ആട്ടക്കഥകൾ, നാടകം, തിരക്കഥ തുടങ്ങിയവ.

കേരളത്തിലെ പഴക്കമേറിയ ഒരു ക്ഷേത്രകലയായ കൂത്തിന് വേണ്ടി രചിക്കപ്പെട്ട സാഹിത്യ രൂപമാണ് ചമ്പുക്കൾ. ഗദ്യവും പദ്യവും ഇടകലർന്ന മിശ്രകാവ്യ സ്വരൂപമാണ് ചമ്പു. തുള്ളൽ എന്ന രംഗകലയ്ക്കു വേണ്ടി രചിക്കപ്പെട്ടവയാണ് തുള്ളൽ കൃതികൾ. കൂത്ത് സമൂഹത്തിലെ വരേണ്യവർഗ്ഗത്തോട് സംവദിച്ചപ്പോൾ സാധാരണക്കാരായ ആസ്വാദകരെയാണ് തുള്ളൽ അഭി സംബോധന ചെയ്തത്. കുഞ്ചൻ നമ്പ്യാരാണ് തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്. കഥ കളി എന്ന കലാരൂപത്തിനുവേണ്ടി രചിക്കപ്പെട്ട സാഹിത്യമാണ് ആട്ടക്കഥകൾ. ഉണ്ണായിവാര്യ രുടെ നളചരിതം ആട്ടക്കഥ സാഹിത്യഗുണത്തിൽ മികച്ചു നിൽക്കുന്ന കൃതിയാണ്.

രംഗാവതരണത്തിനായി രചിക്കപ്പെടുന്ന മറ്റൊരു സാഹിത്യ പ്രസ്ഥാനമാണ് നാടകങ്ങൾ. ഭാര തീയ നാടകവേദിക്ക് പൊതുവായി രണ്ട് കൈവഴി പാരമ്പര്യങ്ങൾ ഉണ്ട്. ലക്ഷണയുക്തമായ സംസ്കൃത നാടകപാരമ്പര്യവും നാടോടി വഴക്കങ്ങളെ പുരസ്ക്കരിച്ചുള്ള നാടോടി നാടക പാരമ്പര്യവും. മലയാളത്തിലെ ആദ്യകാല നാടകങ്ങൾ സംസ്കൃത നാടകങ്ങളോ നാടോടി സംഗീത നാടകങ്ങളോ ആയിരുന്നു. ആദ്യ മലയാള നാടകമായി പരിഗണിക്കപ്പെടുന്നത് കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ 'അഭിജ്ഞാന ശാകുന്തളം' പരിഭാഷയാണ്. തുടർന്ന് നിരവധി സംസ്കൃത നാടകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ഒപ്പം സംഗീത നാടകങ്ങളുടെ കുത്തൊഴുക്കിനും മലയാള നാടകവേദി സാക്ഷ്യം വഹിച്ചു. ഇക്കാലത്തെ നാട കങ്ങളുടെ വ്യാപകമായ അനുകരണ പ്രവണതകളെ പരിഹസിക്കുന്ന മലയാള നാടകമാണ് മുൻഷി രാമക്കുറുപ്പിന്റെ 'ചക്കീ ചങ്കരം.' അതോടെ ക്ഷുദ്രരചനകളുടെ കുത്തൊഴുക്ക് നിലക്കു കയും ക്രമേണ ഗൗരവമുള്ള മലയാള നാടക പ്രസ്ഥാനം ഉദയം കൊള്ളുകയും ചെയ്തു. ഇന്നും മലയാള നാടകവേദി സജീവമായി നിലനിൽക്കുന്നു. ഒപ്പം 'തനതു നാടകവേദി' പോലുള്ള പരീക്ഷണങ്ങളും നടക്കുന്നു.

സിനിമയ്ക്കു വേണ്ടി രചിക്കപ്പെടുന്നവയാണ് തിരക്കഥകൾ. ഇതിവൃത്തത്തെ ദൃശ്യവൽക്കരി ക്കാൻ സഹായകമായ രീതിയിലാണ് തിരക്കഥകൾ രചിക്കപ്പെടുന്നത്. മലയാളത്തിലെ പല മികച്ച നോവലുകളും കഥകളും തിരക്കഥകളാക്കപ്പെട്ടിട്ടുണ്ട്. ബഷീറിന്റെ 'നീലവെളിച്ചം' എന്ന കഥയ്ക്ക് അദ്ദേഹം തന്നെ രചിച്ച തിരക്കഥയാണ് 'ഭാർഗ്ഗവീനിലയം'. ഇന്ന് നിരവധി തിരക്കഥ കൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമാകുന്നുണ്ടെങ്കിലും അവയിൽ മിക്കതും ചിത്രീകരണം പൂർത്തീകരിക്കപ്പെട്ട സിനിമയെ അവലംബിച്ച് പിന്നീട് എഴുതപ്പെട്ടവയാണ്. അതുകൊണ്ടു തന്നെ സംവിധായകന്റെ ഇടപെടൽ സാധ്യതകളും ക്യാമറയുടെയും ശബ്ദവെളിച്ച സംവിധാ നങ്ങളുടെയും സൂക്ഷ്മതകൾപോലും അതിൽ രേഖപ്പെടുത്തിയിരിക്കുന്നത് കാണാം. യഥാർത്ഥ തിരക്കഥ സംവിധായകൻ ഇടപെടുന്നതിന് മുമ്പുള്ള ഇതിവൃത്ത വിന്യാസമാണ്.

രംഗകലയുമായി ബന്ധപ്പെട്ട സാഹിത്യരൂപങ്ങളെക്കുറിച്ച് അധ്യാപക വിദ്യാർത്ഥികൾക്ക് സാമാ ന്യധാരണയുണ്ടാകാനുള്ളപ്രവർത്തനങ്ങൾ ഈ യൂണിറ്റ് വിനിമയം ചെയ്യുമ്പോൾ പരിഗണി ക്കേണ്ടതുണ്ട്. പാഠപുസ്തകത്തിൽ ഉൾപ്പെട്ടിട്ടുള്ള രംഗകലയുമായി ബന്ധപ്പെട്ട സാഹിത്യരൂപ ങ്ങൾക്ക് മുഖ്യപരിഗണന നൽകിക്കൊണ്ടുവേണം പ്രവർത്തനങ്ങൾ ഒരുക്കേണ്ടത്.

# യൂണിറ്റ് – 6

# വൈജ്ഞാനിക സാഹിത്യം

വായനക്കാരന്റെ അറിവ് വളർത്തുന്നവയാണ് പുസ്തകങ്ങൾ. ക്ലാസുമുറിയിലെ അനുഭവങ്ങൾക്ക് ഉപരിയായി അന്വേഷണത്തെയും സ്വയം പഠനത്തെയും പ്രോത്സാഹിപ്പിക്കാൻ വായനയ്ക്ക് കഴിയും. ഇത്തരം വായന നേരത്തെ ആർജ്ജിച്ച വിജ്ഞാനത്തിന് അനുബന്ധവും ആകാം. ജിജ്ഞാസുക്കളായ വായനക്കാരുടെ ഉള്ളിൽനിന്നും ഉയരുന്ന ചോദ്യങ്ങൾക്ക് തൃപ്തികരമായ രീതിയിൽ ഉത്തരം നൽകുന്നവയായിരിക്കണം വൈജ്ഞാനിക സാഹിത്യരചനകൾ.

മനുഷ്യാനുഭവങ്ങളുടെ വ്യത്യസ്തമണ്ഡലങ്ങളോരോന്നും അതിന്റെ ഉള്ളടക്കം രേഖപ്പെടുത്തുന്നതിന് തനതായ ഉപാധികൾ സ്വീകരിക്കുന്നുണ്ട്. ശാസ്ത്രവിഷയങ്ങൾ, ഗണിതം, സാമൂഹ്യശാസ്ത്രം തുടങ്ങിയവ അവയുടെ സവിശേഷ ശബ്ദാവലിയും സാങ്കേതികപദങ്ങളും പ്രതീകങ്ങളുമാണ് ഉപയോഗിക്കുന്നത്.

മഹത്തായ ശാസ്ത്രീയബോധത്തിന്റെയും ശാസ്ത്രീയനേട്ടങ്ങളുടെയും ലോകത്ത് ജീവിക്കുന്ന വ്യക്തികൾ തനിക്കു ചുറ്റും കാണുന്ന ശാസ്ത്രവികാസത്തിൽ അതീവ താല്പരരാണ്. ശാസ്ത്രീയ പ്രതിഭാസങ്ങളെക്കുറിച്ച് ഗ്രഹിക്കാനും അവയോട് ബന്ധപ്പെട്ട നിരവധി ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനും അവർ ധാരളം ശാസ്ത്രകൃതികൾ വായിക്കുന്നു. ശാസ്ത്രത്തിനു സ്വന്തമായ ഒരു ഭാഷയുണ്ടെന്നും ശാസ്ത്രകൃതികൾ വായിക്കാനും ഗ്രഹിക്കാനും ആ ഭാഷ (വിഭാഷ - Register) അറിഞ്ഞിരിക്കണമെന്നും അവർ മനസ്സിലാക്കുന്നു. ഗണിതശാസ്ത്രത്തിൽ നിർവചനങ്ങളുടെ ശ്രേണീബന്ധമായ വികസനം മൂലം ഗണിതശാസ്ത്രഭാഷയ്ക്ക് സവിശേഷമായ ഒതുക്കവും കരുത്തും പ്രകടമാണ്. ചരിത്രത്തിന്റെയും ഭൂമിശാസ്ത്രത്തിന്റെയും മറ്റ് സാമൂഹികശാസ്ത്രങ്ങളുടെയും ഉപാദാനങ്ങളാകട്ടെ സംഘടിതവുമാണ്.

മഹാന്മാരുടെ ജീവചരിത്രങ്ങൾ രസകരമാണെന്ന് മാത്രമല്ല സാമൂഹീകവും സാംസ്കാരികവുമായ മൂല്യങ്ങളെ സമ്പന്നമാക്കുന്ന ഒരു മേഖലകൂടിയാണ്. ജീവചരിത്രവായന എല്ലാ പ്രായത്തിനും അനുയോജ്യമാണ്. വ്യത്യസ്ത പ്രായത്തിലുള്ള വ്യക്തികളുടെ ധാരണാതാല്പര്യങ്ങളുടെ തോത് വ്യത്യസ്തമായിരിക്കും. ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രങ്ങൾ 9 – 12 വയസ്സുള്ള കുട്ടികൾ ഇഷ്ടപ്പെടുന്നതായി പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഒരു വ്യക്തിയുടെ ജീവിതത്തിലെ സംഭവങ്ങൾ രേഖപ്പെടുത്തുകയും അയാളുടെ സ്വത്വത്തെ പുനഃസൃഷ്ടിക്കുകയും ചെയ്യുന്ന കലാസുഭഗമായ ഒരു ആഖ്യാനമാണ് ജീവചരിത്രം.

ചുരുക്കത്തിൽ ക്ലാസുമുറികളിൽ നിന്നു ലഭിക്കുന്നതിന് അനുപൂരകമായ വായനാവിഭവങ്ങൾ നൽകുകയാണ് വിജ്ഞാന സാഹിത്യത്തിന്റെ ഉദ്ദേശ്യം. ശാസ്ത്രങ്ങളുടെ പുതിയ മേഖലകൾ, ഗവേഷണഫലമായി പുറത്തുവരുന്ന ചരിത്രസത്യങ്ങൾ, നേട്ടങ്ങൾ തുടങ്ങിയ പുതിയ വിജ്ഞാനപഥങ്ങൾ വൈജ്ഞാനികസാഹിത്യപരിചയത്തിലൂടെ ആർജിക്കുന്നവയാണ്.

### നിരൂപണങ്ങൾ

കലാസാഹിത്യ സൃഷ്ടികളെക്കുറിച്ച് ആസ്വാദക പക്ഷത്തു നിന്നു കൊണ്ടുള്ള രചനകളും സാഹിത്യശാഖയിൽ ഉൾപ്പെടുന്നു. നിരൂപണം എന്നാണ് ഇതിനെ പൊതുവെ വിളിക്കുന്നത്. സാഹിത്യനിരൂപണം, കലാനിരൂപണം, സിനിമാനിരൂപണം എന്നിങ്ങനെ ഇത് വേർതിരിഞ്ഞു കിടക്കുന്നു. കുട്ടികൃഷ്ണമാരാരുടെ 'ഭാരതപര്യടനം' മഹാഭാരതത്തിലൂടെ അദ്ദേഹം നടത്തിയ ധിഷണാപരമായ സഞ്ചാരത്തിന്റെ ആവിഷ്ക്കാരമാണ്. സൂക്ഷ്മദൃഷ്ടിയോടെ അദ്ദേഹം നടത്തിയ

ഈ സഞ്ചാരം ഇതിഹാസകൃതിയിൽ സാമാന്യമായി നമുക്കു ദർശിക്കാൻ കഴിയാത്ത പലതും വെളിപ്പെടാൻ സഹായിച്ചിട്ടുണ്ട്. ഇത് സൂക്ഷ്മമായ ഒരു നിരൂപണ ധർമ്മമാണ്. കൃതിക്കും അനുവാചകനുമിടയിൽ നിരൂപകന്റെ നിർണായക സ്ഥാനം ഇവിടെ ദൃശ്യവുമാണ്. ഇതിഹാസങ്ങൾക്കും മഹാകാവ്യങ്ങൾക്കും പ്രശസ്തമായ മറ്റ് സാഹിത്യകൃതികൾക്കും പ്രസിദ്ധമായ പല നിരൂപണ ഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ട്. നിരൂപണങ്ങളുടെ പേരിൽ പ്രസിദ്ധി നേടിയ കൃതികൾ പോലുമുണ്ട് എന്ന് പറയാം. സാഹിത്യ നിരൂപണ ശാഖ കിഴക്കും പടിഞ്ഞാറുമുള്ള ദേശങ്ങളിൽ വ്യാപിച്ചു കിടക്കുന്നു. 'ലിറ്ററി ക്രിട്ടിസിസം' (Literary criticism) എന്ന പേരിലാണ് പാശ്ചാത്യ ലോകത്ത് ഇത് വ്യാപിച്ചിട്ടുള്ളത്. പല കലാസാഹിത്യ സിദ്ധാന്തങ്ങളും ഉടലെടുത്തത് ഇത്തരം നിരൂപണങ്ങളിലൂടെയാണ്.

സ്കൂൾ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരൂപണപരമായ ലേഖനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുകയും ഈ സാഹിത്യ രൂപത്തിന്റെ സവിശേഷതകൾ തിരിച്ചറിയാൻ അധ്യാപക വിദ്യാർത്ഥികൾക്ക് അവസരം നൽകുകയും വേണം. സാഹിത്യ നിരൂപണങ്ങൾക്ക് നിരൂപകർ സ്വീകരിച്ചിട്ടുള്ള സിദ്ധാന്തങ്ങളും ദർശനങ്ങളും കണ്ടെത്താൻ ശ്രമിക്കുകയും വേണം.

# യൂണിറ്റ് – 7

# ബാലസാഹിത്യം

ലക്ഷ്യമാക്കപ്പെടുന്ന അനുവാചക മണ്ഡലമാണ് ബാലസാഹിത്യത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നത്. ബാല്യകാലാനുഭവങ്ങൾ മാത്രമല്ല ബാലസാഹിത്യത്തിന് അടിസ്ഥാനം. കുട്ടികൾക്കും വികാരവിചാരങ്ങളുണ്ടെന്നും അവ ബൃഹത്തും സങ്കീർണ്ണവുമാണെന്നും നാം തിരിച്ചറിയേണ്ടതുണ്ട്.

ശിശുക്കളുടെ വളർച്ചയുടെ വ്യത്യസ്ത ഘട്ടങ്ങളിലെ താല്പര്യങ്ങൾക്കും വികാസത്തിനും ഉതകുന്നവയാവണം കുട്ടികളുടെ സാഹിത്യം. സാർവലൗകിക സത്യങ്ങളെ ലളിതമായും വ്യക്തമായും പ്രകാശിപ്പിക്കുന്നതും ഉന്നതലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്നതുമായ രചകൾ ബാലസാഹിത്യത്തിലെ ശ്രദ്ധേയമായ ഒരു വിഭാഗമാണ്.

ബാലസാഹിത്യകൃതികളിൽ അവതരിപ്പിക്കപ്പെടുന്ന കഥാപാത്രങ്ങൾ കുട്ടിയുടെ അനുഭവപരിസരത്തിന് ഇണങ്ങുന്നവയും അവന്റെ ഭാവനാശേഷിയെ ഉണർത്തുന്നവയും ആയിരിക്കണം.

ഇതിവൃത്തത്തിനും പ്രമേയത്തിനും കഥാപാത്രങ്ങൾക്കും യോജിച്ച ശൈലിയായിരിക്കണം ബാലസാഹിത്യ രചനയ്ക്ക് സ്വീകരിക്കേണ്ടത്. നീണ്ട വർണ്ണനകൾക്കും സിദ്ധാന്തങ്ങൾക്കും പകരം ചലനാത്മകമായ ശൈലി കുട്ടികൾ ഇഷ്ടപ്പെടുന്നു. കഥയിലെ ക്രിയാംശം വ്യത്യാസപ്പെടുന്നതിനനുസരിച്ച് ഭാഷാരീതിയും മാറും. ഇടതടവില്ലാതെ അനായാസമായി വായിച്ചുപോകാവുന്നതായിരിക്കണം ഭാഷ.

**പ്രമേയം**

*ഒരു രചനയെ വിലയിരുത്തുന്നതിനുള്ള പ്രധാന ഉപാധികളിലൊന്നാണ് പ്രമേയം. രചനയിൽ കർത്താവിന്റെ ഉദ്ദേശ്യം വെളിവാക്കുന്നത് കൃതിയുടെ പ്രമേയമാണ്. പ്രമേയം ഇതിവൃത്തത്തിലെ ക്രിയാംശത്തിന് അതീതമായി രചനയ്ക്ക് ഒരു പുതിയമാനം നൽകുന്നു.*

### പ്രവർത്തനം (മാതൃക)

പ്രസിദ്ധരായ എഴുത്തുകാരുടെ കൃതികളിലെ തെരഞ്ഞെടുത്ത ഭാഗങ്ങളും അവരുടെ തന്നെ ബാലസാഹിത്യരചനകളും താരതമ്യം ചെയ്ത് ബാലസാഹിത്യരചനകൾ മറ്റ് രചനകളിൽ നിന്ന് ഏതെല്ലാം ഘടകങ്ങളിൽ വ്യത്യാസപ്പെടുന്നു എന്ന് ചർച്ച ചെയ്യുന്നു. വ്യക്തിഗതമായി കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു.

ആശാന്റെ 'വീണപൂവ്/തള്ളയുംകുട്ടിയും', ഉള്ളൂരിന്റെ 'കർണ്ണഭൂഷണം/കാക്കേകാക്കേ കൂടെവിടെ' എന്നിവ താരതമ്യം ചെയ്ത് സവിശേഷതകൾ തിരിച്ചറിയുന്നു. സമാന സ്വഭാവമുള്ള പ്രവർത്തനങ്ങൾ അധ്യാപകവിദ്യാർത്ഥികൾ കണ്ടെത്തട്ടെ. ടാഗൂർ, ടോൾസ്റ്റായി, വൈലോപ്പിള്ളി, ജി. ശങ്കരക്കുറുപ്പ് തുടങ്ങിയ സാധ്യതകളും പ്രയോജനപ്പെടുത്താം.

### കുട്ടികളുടെ നാടകങ്ങൾ

ഒരു നാടകത്തെ നിർണയിക്കുന്ന പ്രധാന ഘടകം അതിന്റെ പ്രേക്ഷകരാണ്. കുട്ടികളായ പ്രേക്ഷകരെ തൃപ്തിപ്പെടുത്തുന്നതരത്തിൽ രൂപപ്പെടുത്തി അവതരിപ്പിക്കപ്പെടുന്നവയാകണം കുട്ടികളുടെ നാടകങ്ങൾ. കുട്ടികളുടെ പ്രായത്തിനും അഭിരുചിക്കും ഇണങ്ങുന്ന ഇതിവൃത്തമാണ് കുട്ടികളുടെ നാടകങ്ങൾക്ക് അനുയോജ്യം. ഏതുതരത്തിലുള്ള ആഖ്യാനത്തേക്കാളും കുട്ടികൾ

ക്രിയാംശത്തെ ഇഷ്ടപ്പെടുന്നു. അതുകൊണ്ട് സംഭാഷണങ്ങൾ താരതമ്യേന കുറയുന്നതാണ് അഭികാമ്യം. സംഭാഷണഭാഷ സ്ഫുടവും സുഗ്രഹവുമായിരിക്കണം. നാടകങ്ങളിൽ കഥാപാത്രങ്ങളുടെ സ്വഭാവചിത്രീകരണം വളരെ പ്രധാനമാണ്. കുട്ടികൾ സ്വയം അഭിപ്രായങ്ങൾ രൂപീകരിക്കുന്നവരാകയാൽ നാടകത്തിന്റെ ആഖ്യാനത്തിലും ക്രിയാംശത്തിലും അത് നല്ല രീതിയിൽ ഉൾക്കൊള്ളണം. മലയാളത്തിലെ പ്രസിദ്ധരായ ധാരാളം നാടകകർത്താക്കൾ കുട്ടികൾക്ക് വേണ്ടി നാടകങ്ങൾ എഴുതുകയും അവതരിപ്പിക്കുകയും ചെയ്തവരാണ്. ജി. ശങ്കരപിള്ളയുടെ 'പ്ലാവിലത്തൊപ്പി' ഇത്തരത്തിൽ ചൂണ്ടിക്കാണിക്കാവുന്ന ഒരു രചനയാണ്.

ബാലസാഹിത്യരചനകൾ പരിചയപ്പെടുത്തുമ്പോൾ സ്കൂൾ പാഠപുസ്തകങ്ങളിൽ പരാമർശിച്ച കൃതികൾക്കും എഴുത്തുകാർക്കും പരിഗണന നൽകണം. ബാലസാഹിത്യത്തെപറ്റിയുള്ള സാമാന്യധാരണ അധ്യാപകവിദ്യാർത്ഥികളിൽ രൂപപ്പെടുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ക്ലാസ് റൂം വിനിമയത്തിനായി പ്രയോജനപ്പെടുത്തേണ്ടത്. ബാലകഥകൾ, നാടോടിക്കഥകൾ, ബാലകവിതകൾ എന്നിവയുടെ വായനയും രചനയും പ്രോത്സാഹിപ്പിക്കപ്പെടണം.

## സഹായകഗ്രന്ഥങ്ങൾ


| | | |
|---|---|---|
| സാഹിത്യപ്രവേശിക | - | ശൂരനാട്ടു കുഞ്ഞൻപിള്ള |
| ചെറുകഥ - ഇന്നലെ ഇന്ന് | - | എം.അച്യുതൻ |
| 100 വർഷം 100 കഥ | - | എഡി: Dr.കെ.എസ്.രവികുമാർ |
| എന്താണ് കുട്ടികളുടെ സാഹിത്യം | - | സംസ്ഥാന ബാലസാഹിത്യഇൻസ്റ്റിറ്റ്യൂട്ട് |
| അന്ധനായ ദൈവം | - | പി.കെ.രാജശേഖരൻ |
| നാടകദർപ്പണം | - | എൻ.എൻ.പിള്ള |
| നാടകരൂപചർച്ച | - | കാട്ടുമാടം നാരായണൻ |
| നാടകവിജ്ഞാനകോശം | - | വട്ടപ്പറമ്പിൽ പീതാംബരൻ |
| അഭിയനകല ഒരാമുഖം | - | ടി.എം.എബ്രഹാം |
| നാടകരചന | - | പാലാ കെ.എം.മാത്യു |
| സാഹിത്യപീഠിക | - | മാത്യു ഉലകം തറ |
| തിരക്കഥാസാഹിത്യം | - | ജോസ് കെ. മാനുൽ |
| കവിതാബോധനം | - | ഡോ: വിജയൻ ചാലോട് |